# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം.പി.ആർ.83 (a)/2024 തിരുവനന്തപുരം, തീയതി: 15/04/2024

## പത്രക്കുറിപ്പ്

### ഡോ. ജി.പത്മറാവു സ്മാരക ദേശീയപുരസ്കാരം

കേരളസർവകലാശാല മലയാള വിഭാഗം അധ്യക്ഷനും താരതമ്യ സാഹിത്യ വിമർശകനുമായിരുന്ന ഡോ.ജി.പത്മറാവുവിന്റെ സ്മരണാർഥം ദേശീയ തലത്തിൽ മികച്ച എം.എ. മലയാളം പ്രോജക്ടിന് ജി.പത്മറാവു സ്മാരക ദേശീയ പുരസ്കാരം നൽകുന്നതിനായി പ്രബന്ധങ്ങൾ ക്ഷണിക്കുന്നു. 2023 വർഷത്തിൽ ഇന്ത്യയിലെ വിവിധ സർവകലാശാലകളിൽ നിന്നും കലാലയങ്ങളിൽ നിന്നും എം.എ. മലയാളം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. മാർഗദർശിയും സ്ഥാപന മേധാവിയും സാക്ഷ്യപ്പെടുത്തിയ എം.എ. പ്രോജക്ട് പ്രബന്ധത്തിന്റെ ഒരു കോപ്പി 2024 മെയ് 10 ന് മുൻപായി പ്രൊഫ. (ഡോ.) സീമാ ജെറോം, അധ്യക്ഷ, മലയാള വിഭാഗം, കേരളസർവകലാശാല, കാര്യവട്ടം പി.ഒ., 695 581 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. കൂടാതെ പ്രബന്ധത്തിന്റെ പി.ഡി.എഫ്. ഫോർമാറ്റ് malayalam@keralauniversity.ac.in എന്ന മെയിലിലേക്ക് അയക്കേണ്ടതുമാണ്. പുരസ്കാര ജേതാവിന് ഡോ. ജി. പത്മറാവുവിന്റെ ചരമദിനമായ ജൂൺ 15 ന് മലയാള വിഭാഗത്തിൽ വെച്ച് നടക്കുന്ന ചടങ്ങിൽ 10,000/- രൂപയും പ്രശസ്തിപത്രവും ഫലകവും സമ്മാനിക്കും. കൂടുതൽ വിവരങ്ങൾക്ക് 0471-230 8459 എന്ന നമ്പരിൽ ബന്ധപ്പെടുക.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* 9188526670, 9188526671, 9188526674, 9188526675
**Whats App No. 8547330240**